**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2119** **21-06-2024 - ൽ മറുപടിയ്ക്ക്**

**ഗതാഗത നിയന്ത്രണത്തിന് കൂടുതൽ പോലീസിനെ നിയമിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാഷണൽ ഹൈവേയുടെ പ്രവൃത്തികൾ നടക്കുന്നതിനാൽ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ഗതാഗത നിയന്ത്രണത്തിന് കൂടുതൽ പോലീസിനെ നിയമിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നാഷണൽ ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതുമൂലം ഗതാഗത പ്രശ്നങ്ങൾ ഉണ്ടാകുന്ന പ്രധാന ജംഗ്ഷനുകളിലും മറ്റും ട്രാഫിക് ഡ്യൂട്ടിക്കായി കൂടുതൽ പോലീസിനെ നിയമിച്ചുവരുന്നുണ്ട്. |
| (ബി) | സ്കൂൾ സമയങ്ങളിൽ രൂക്ഷമായ ഗതാഗത കുരുക്ക് അനുഭവപ്പെടുന്നതിനാൽ കൂടുതൽ ഹോം ഗാർഡിനെ വിന്യസിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് സ്കൂൾ സമയങ്ങളിൽ ഗതാഗത കുരുക്ക് അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ഹോം ഗാർഡിനെയും പോലീസ് ഉദ്യോഗസ്ഥരേയും നിയോഗിച്ചുവരുന്നു. ഇതിന് പുറമേ അടിയന്തിര ഘട്ടങ്ങളിൽ മൊബൈൽ പട്രോളിംഗ് ടീമിലുള്ള പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ച് ട്രാഫിക് നിയന്ത്രിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ